(ബി) മൂന്ന് റൂട്ടുകളിലേക്കും കെ.എസ്.ആർ.ടി.സി. സർവ്വീസ് നടത്തുന്നുണ്ട്.

(സി) ടി സർവ്വീസുകളുടെ വരുമാനം വളരെ കുറവായതിനാലാണ് താൽക്കാലികമായി നിർത്തൽ ചെയ്തത്.

(ഡി) ബസ്സുകളുടെ ലഭ്യതയനുസരിച്ച് സർവ്വീസുകൾ ആരംഭിക്കുന്നതാണ്.

നിർത്തിവച്ച സർവ്വീസുകൾ പുനഃസ്ഥാപിക്കാൻ നടപടി

151 [608] ഡോ: എം. എ. കുട്ടപ്പൻ :

„ ജോർജ് ജെ. മാത്യു :

പ്രൊഫ: എ. ഡി. മുസ്തഫ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ട്രാൻസ്പോർട്ട് കോർപ്പറേഷൻ വക ബസ്സുകൾക്ക് നാശനഷ്ടമുണ്ടാക്കുകയോ തൊഴിലാളികളെ മർദ്ദിക്കുകയോ ചെയ്തതിന്റെ പേരിൽ 2004 ജനുവരി മുതൽ ഇതുവരെ ഏതെല്ലാം കോളേജുകളിലേക്കുള്ള കെ.എസ്.ആർ.ടി.സി. സർവ്വീസ് നിർത്തിവയ്ക്കുക ഉണ്ടായി എന്ന് അറിയിക്കുമോ ;

(ബി) പ്രസ്തുത സർവ്വീസുകൾ പുനഃസ്ഥാപിക്കുന്നതിനുള്ള വ്യവസ്ഥകൾ എന്തെല്ലാമായിരുന്നുവെന്നും ഇവ പുനഃസ്ഥാപിച്ചിട്ടുണ്ടോ എന്നും വിശദമാക്കുമോ ?

ഉത്തരം

(എ & ബി) വിവരം ശേഖരിച്ചുവരുന്നു.

വെഞ്ഞാറമൂട് കെ.എസ്.ആർ.ടി.സി. ഡിപ്പോ

152 [609] ശ്രീ. പിരപ്പൻകോട് മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വെഞ്ഞാറമൂട് കെ.എസ്.ആർ.ടി.സി. ഡിപ്പോ എ.ടി.ഒ. ഓഫീസായി ഉയർത്തിയത് എപ്പോഴാണെന്നും, എ.ടി.ഒ.-യെ നിയമിച്ചത് എന്നാണെന്നും ഇപ്പോൾ എ.ടി.ഒ. ഉണ്ടോ എന്നും വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ഓഫീസിൽ എത്ര സ്റ്റാഫിനെ ആവശ്യമുണ്ട് എന്ന് പറയാമോ ;

(സി) വെഞ്ഞാറമൂട് കെ.എസ്.ആർ.ടി.സി. ഡിപ്പോ ആരംഭിച്ചപ്പോൾ എത്ര ഷെഡ്യൂളുകൾ ഉണ്ടായിരുന്നുവെന്നും അതിൽ ഫാസ്റ്റ് പാസഞ്ചർ എത്ര എന്നും, എത്ര ഷെഡ്യൂളുകൾ ഇപ്പോൾ ഓപ്പറേറ്റ് ചെയ്യുന്നുവെന്നും വിശദമാക്കാമോ ;

(ഡി) പ്രസ്തുത ഡിപ്പോയിൽ നിന്നും ഇപ്പോൾ ഫാസ്റ്റ് പാസഞ്ചർ ബസുകൾ ഓപ്പറേറ്റ് ചെയ്യുന്നുവെന്ന് അറിയാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) വെഞ്ഞാറമൂട് സബ് ഡിപ്പോ എ.ടി.ഒ. ഓഫീസായി പ്രവർത്തിച്ചു തുടങ്ങിയത് 22-8-2005 മുതലാണ്. അന്നുമുതൽ എ.ടി.ഒ.-യെ നിയമിച്ചിട്ടുണ്ട്. 2-1-2006 മുതൽ വെഞ്ഞാറമൂട് യൂണിറ്റ് കിളിമാനൂർ എ.ടി.ഒ.-യുടെ ഭരണപരമായ നിയന്ത്രണത്തിലാണ്.

(ബി) 37 ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്യുന്നതിന് 99 ഡ്രൈവർമാരും 99 കണ്ടക്ടർമാരും 22 മെക്കാനിക്കൽ ജീവനക്കാരും ഒരു ഇൻസ്പെക്ടറും 3 സ്റ്റേഷൻ മാസ്റ്ററും ആവശ്യമാണ്.

(സി) വെഞ്ഞാറമൂട് ഡിപ്പോ ആരംഭിച്ചപ്പോൾ 18 ഷെഡ്യൂളുകൾ ഉണ്ടായിരുന്നു. അതിൽ ഒരു ഫാസ്റ്റ് പാസഞ്ചർ സർവ്വീസ് ആണ്. ഇപ്പോൾ 37 ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്യുന്നു.

(ഡി) മൂന്ന് സിറ്റി ഫാസ്റ്റ് ഉൾപ്പെടെ 5 ഫാസ്റ്റ് ഓപ്പറേറ്റ് ചെയ്യുന്നു.

തമ്പാനൂർ കെ.എസ്.ആർ.ടി.സി. സ്റ്റാന്റിലെ സൗകര്യം മെച്ചപ്പെടുത്താൻ നടപടി

153 [610] ശ്രീ. പി. ജെ. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്ത് തമ്പാനൂർ ബസ് സ്റ്റാന്റ്, ഗ്യാരേജ്, വർക്ക് ഷോപ്പ്, ബസ് സ്റ്റാന്റിനോടനുബന്ധമായിട്ടുള്ള മറ്റു സ്ഥലങ്ങൾ എന്നിവയെല്ലാം ചേർത്ത് കെ.എസ്.ആർ.ടി.സി.-യുടെ കൈവശം എത്ര ഹെക്ടർ സ്ഥലമുണ്ട്;

(ബി) ഈ സ്ഥലം മുഴുവൻ പുനഃസംവിധാനം ചെയ്ത് അവിടെ ബസ്സിൽ എത്തുന്നവർക്ക് ഇറങ്ങാനും ബസ്സിൽ പോകേണ്ടവർക്ക് ബസ്സിൽ കയറാനും പ്രത്യേകം പ്രത്യേകം പോയിന്റുകൾ നിശ്ചയിക്കുമോ;

(സി) യാത്രക്കാരുടെ സൗകര്യവും സുരക്ഷിതത്വവും മുൻനിർത്തി അവിടെ താൽക്കാലിക ഷെഡ്ഡിൽ സ്ഥാപിച്ചിട്ടുള്ള ബുക്ക് സ്റ്റാളും മറ്റ് കച്ചവട സ്ഥാപനങ്ങളും നീക്കം ചെയ്യുമോ?

ഉത്തരം

(എ) 2 ഹെക്ടർ 96 ആർ 76 സ്കയർ മീറ്റർ സ്ഥലം കെ.എസ്.ആർ.ടി.സി.-യുടെ കൈവശം ഉണ്ട്.

(ബി) തമ്പാനൂർ ബസ് സ്റ്റേഷനെ ഒരു മൊഫൂസിൽ ബസ് സ്റ്റേഷനായി മാറ്റുന്നതിനും പുനഃസംവിധാനം ചെയ്യുന്നതിനും 17 കോടി രൂപയുടെ അടങ്കൽ തുക വകയിരുത്തിയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിലേക്കുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly